**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3911** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ</td><td colspan="2">ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേരളത്തിലെ മത്സ്യത്തിന്റെയും ഭക്ഷ്യയോഗ്യമായ മറ്റ് ജലജീവികളുടെയും കൃഷിയിലുണ്ടായിട്ടുള്ള പുരോഗതി എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;</td><td>(എ)</td><td>മത്സ്യകൃഷിയിൽ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും കൃഷിയിലും ഇനത്തിലും വൈവിധ്യവൽക്കരണം സാധ്യമാക്കിയും വിജ്ഞാന വ്യാപനം കാര്യക്ഷമമാക്കിയും ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2024-25 വർഷം ഭക്ഷ്യയോഗ്യമായ മറ്റ് ജലജീവികളുടേതുൾപ്പെടെ ജല കൃഷിയിലൂടെയുള്ള ഉല്പാദനം 41,175മെട്രിക് ടണ്ണാണ്.<br><br>2020-21വർഷം മുതൽ മത്സ്യകൃഷിയിലൂടെയുള്ള ഉല്പാദനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നമ്പർ</th><th>വർഷം</th><th>ഉല്പാദനം (മെട്രിക് ടൺ)</th></tr>
<tr><td>1</td><td>2020-21</td><td>34987</td></tr>
<tr><td>2</td><td>2021-22</td><td>37520</td></tr>
<tr><td>3</td><td>2022-23</td><td>38172</td></tr>
<tr><td>4</td><td>2023-24</td><td>40852</td></tr>
<tr><td>5</td><td>2024-25</td><td>41175</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രകൃതിക്ഷോഭം, രോഗബാധ എന്നിവ മൂലം മത്സ്യകർഷകർ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കുന്നതിന് ലഭ്യമാക്കിയ സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;</td><td>(ബി)</td><td>പ്രകൃതിക്ഷോഭം, രോഗബാധ എന്നിവ മൂലം മത്സ്യകർഷകർ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കുന്നതിന് സഹായകരമായ സർക്കാർ പദ്ധതികളോ പാക്കേജുകളോ നിലവിൽ ഇല്ല. അതിനാൽ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യകൃഷിക്കാവശ്യമായ തുടർ സഹായം നൽകി വരുന്നു. ജലകൃഷി മേഖലയിൽ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി പ്രധാൻ മന്ത്രി മത്സ്യ കിസ്സാൻ സമൃദ്ധി സഹയോജന (PM-MKSSY) പ്രകാരം തത്പരരായ കർഷകരുടെ വിവരശേഖരണം നടത്തി വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | മത്സ്യം, ഭക്ഷ്യയോഗ്യമായ മറ്റ് ജലജീവികൾ എന്നിവയുടെ കൃഷിക്ക് അനുവദിച്ചിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന പട്ടികയിൽ പ്രതിപാദിക്കും വിധം ആനുകൂല്യങ്ങൾ അനുവദിക്കുന്നു. |

| **മത്സ്യ കൃഷി രീതികൾ** | **ആനുകൂല്യം** |
|---|---|
| തിലാപ്പിയ, പാക്കു, ആസാംവാള, വരാൽ, തുടങ്ങിയ മത്സ്യങ്ങളുടെ അർദ്ധ ഊർജ്ജിത കൃഷി | മത്സ്യവിത്തിന്റെ 70% |
| അനാബസ്/ indegenous cat fish – അർദ്ധ ഊർജ്ജിത കൃഷി, ഒരു നെല്ലും ഒരു മീനും, കാർപ്പ് മത്സ്യകൃഷി | മത്സ്യവിത്തിന്റെ 100% |
| പടുതാ കുളങ്ങളിൽ വരാൽ, ആസാംവാള, അനാബസ് എന്നിവയുടെ കൃഷി | മത്സ്യവിത്തിന്റെ 70%-വും തീറ്റയുടെ 40%-വും |
| റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം/ ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം/ കൂട് കൃഷി എന്നീ രീതികളിലെ കൃഷി | മത്സ്യവിത്തിന്റെ 70%-വും തീറ്റയുടെ 40%-വും |
| കല്ലുമ്മേക്കായ, ഓയിസ്റ്റർ എന്നിവയുടെ കൃഷി | യൂണിറ്റ് കോസ്റ്റിന്റെ 40% (യൂണിറ്റ് കോസ്റ്റ് 15000/- രൂപ) |
| കുളങ്ങളിൽ ചെമ്മീൻ, കരിമീൻ, പൂമീൻ, തിരുത എന്നിവയുടെ കൃഷി | വിത്തിന്റെ 70% വും ബണ്ട് നിർമ്മാണത്തിന്റെ 40% വും |
| വനാമി ചെമ്മീൻ കൃഷി | വിത്തിന്റെ 70%വും മൂലധന ചെലവിന്റെ 40% വും |
| ഒരു നെല്ലും ഒരു ചെമ്മീനും | വിത്തിന്റെ 70% |
| എംബാങ്ക്മെന്റ് | എസ്റ്റിമേറ്റ് തുകയുടെ 60% (ഹെക്ടറിന് 13.5 ലക്ഷം രൂപ എന്ന് പരിമിതപ്പെടുത്തിയിരിക്കുന്നു) |
| പെൻ കൾച്ചർ | യൂണിറ്റ് കോസ്റ്റിന്റെ 60% (യൂണിറ്റ് കോസ്റ്റ് 1.75 ലക്ഷം രൂപ) |

| | | | |
|---|---|---|---|
| | | | പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന മത്സ്യകൃഷി പദ്ധതികളായ ബയോഫ്ലോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ചെറുകിട /ഇടത്തരം/ സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ഓരു ജലങ്ങളിലെ കൂടുകൃഷി യൂണിറ്റ്, ഓരുജല മത്സ്യകൃഷി, ശുദ്ധജല റിയറിംഗ് കുളങ്ങൾ എന്നിവയ്ക്ക് സബ്സിഡി നൽകുന്നു. ജനറൽ വിഭാഗത്തിന് യൂണിറ്റ് ചെലവിന്റെ 40% വും പട്ടിക വർഗ്ഗ വിഭാഗത്തിനു 60% വും ധനസഹായമായി നൽകുന്നു. |
| (ഡി) | കർഷകർക്ക് മത്സ്യവിത്തുകൾ ഉൾപ്പെടെയുള്ള ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ജനകീയ മത്സ്യകൃഷി/ സംസ്ഥാനാവിഷ്കൃത പദ്ധതികൾ/കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യ കൃഷി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ മത്സ്യവിത്തുകൾ ഉൾപ്പെടെയുള്ള ഉൽപ്പാദന ഉപാധികൾ കർഷകർക്ക് ലഭ്യമാക്കുന്നു. സംസ്ഥാനവിഷ്കൃത പദ്ധതിയായ ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി വിവിധ ഘടകങ്ങൾക്ക് 70%- 100% മത്സ്യവിത്തും 40% മത്സ്യത്തീറ്റയും യൂണിറ്റ് കോസ്റ്റിന്റെ 40%- 60%വും നൽകുന്നു. സംസ്ഥാന- കേന്ദ്ര ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 മുതൽ പുതിയ കുളങ്ങളുടെ നിർമ്മാണം, ബയോഫ്ലോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ഓരുജല മത്സ്യകൃഷി, ശുദ്ധ ജല റിയറിംഗ് കുളങ്ങൾ, ഓരുജലങ്ങളിലെ കൂടുകൃഷി തുടങ്ങിയ വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി. യൂണിറ്റ് സ്ഥാപിക്കുന്നതിനും ചെലവുകളും മത്സ്യ തീറ്റയും മത്സ്യ വിത്തും അടങ്ങിയ ആവർത്തന ചെലവുകളും ഉൾപ്പെടെയാണ് യൂണിറ്റ് കോസ്റ്റ് നിർണയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ